പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.219 04/02/2013 ൽ മറുപടിക്ക്

## മലയാള സിനിമകൾക്ക് സബ്സിഡി

ചോദ്യം

ശ്രീ. പി.കെ.ബഷീർ

ഉത്തരം

ശ്രീ. കെ.ബി. ഗണേഷ് കുമാർ
(ബഹു. വനവും സ്പോർട്സും
സിനിമയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മലയാള സിനിമാ വ്യവസായത്തെ സംരക്ഷിക്കുന്നതിനായി സർക്കാർ തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) & (ബി) | മലയാള സിനിമാ വ്യവസായത്തെ സംരക്ഷിക്കുന്നതിനായി നിലവിലുള്ള സബ്സിഡിനിയമം പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നിലവിൽ, ചിത്രാഞ്ജലി സ്റ്റുഡിയോയുടെ സാങ്കേതിക സൗകര്യങ്ങൾ പൂർണ്ണമായും ഉപയോഗിച്ച് കേരളത്തിനകത്ത് നിർമ്മിക്കുന്ന ചിത്രങ്ങൾക്ക് 4 ലക്ഷം രൂപ ധനസഹായം നൽകി വരുന്നു. ടി. ചിത്രങ്ങൾ സംസ്ഥാനദേശീയ പുരസ്കാരങ്ങൾക്ക് അർഹമായാൽ 2 ലക്ഷം രൂപ അധിക സബ്സിഡിയായി നൽകുന്നു.<br><br>ചലച്ചിത്ര നിർമ്മാതാക്കളെ സഹായിക്കുന്നതിന് വിവിധ പദ്ധതികൾ ഓരോ ഘട്ടത്തിലും കോർപ്പറേഷൻ ആവിഷ്കരിച്ച നടപ്പിലാക്കിയിട്ടുണ്ട്. കോർപ്പറേഷൻ ആവിഷ്കരിച്ച നടപ്പിൽ വരുത്തിയ പാക്കേജ് പദ്ധതി പ്രകാരം 2 ലക്ഷം രൂപ അഡ്വാൻസ് നൽകുന്ന നിർമ്മാതാക്കൾക്ക് ചലച്ചിത്ര നിർമ്മാണത്തിന് ആവശ്യമായ എല്ലാ സാങ്കേതിക സൗകര്യങ്ങളും സ്റ്റുഡിയോ സൗകര്യങ്ങളും (നെഗറ്റീവ്/പോസിറ്റീവ് ഇല്ലാതെ) 150 ദിവസം വരെയുള്ള കാലാവധിക്ക് ക്രെഡിറ്റ് വ്യവസ്ഥയിൽ നൽകുന്നുണ്ട്. വീഡിയോ ചിത്രനിർമ്മാതാക്കൾക്ക് കൂടുതൽ |
| (ബി) | മലയാള ഭാഷാ ചിത്രങ്ങൾക്ക് നിലവിൽ എന്തെങ്കിലും സബ്സിഡി നൽകുന്നുണ്ടോ; ഇല്ലെങ്കിൽ സബ്സിഡി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | | |

| | | | |
|---|---|---|---|
| | | | സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് കലാഭവൻ ഡിജിറ്റൽ സ്റ്റുഡിയോയിൽ അത്യാധുനിക സംവിധാനങ്ങൾ എഡിറ്റിംഗിനായും റിക്കോർഡിംഗിനായും ഏർപ്പെടുത്തി കഴിഞ്ഞു.<br><br>ചിത്രാഞ്ജലി റിക്കാർഡിംഗ് സ്റ്റുഡിയോക്ക് പുറമേ അത്യാധുനിക സാങ്കേതിക സൗകര്യങ്ങളോട്ടുകൂടി കൊച്ചിയിൽ പുതുതായി ഒരു റിക്കോർഡിംഗ് സ്റ്റുഡിയോ പ്രവർത്തനമാരംഭിച്ചു.<br><br>ചിത്രാഞ്ജലിയിലെ സാങ്കേതിക സൗകര്യങ്ങൾ ഉപയോഗിച്ച് നിർമ്മിക്കുന്ന കൊമേഴ്സ്യൽ ചിത്രങ്ങൾക്ക് കോർപ്പറേഷന്റെ തീയേറ്ററുകളിൽ റിലീസ് ചെയ്യുമെന്ന ഉറപ്പിന്മേൽ നിശ്ചിത കാലാവധിക്ക് ക്രെഡിറ്റ് വ്യവസ്ഥയിൽ റിലീസ് പ്രിന്റുകൾ എടുക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ചിത്രാഞ്ജലി സ്റ്റുഡിയോയിൽ വർക്കുകൾ പൂർത്തിയാക്കുന്ന മലയാള ചിത്രങ്ങൾക്ക് ചെലവാകുന്ന തുകയുടെ എത്ര ശതമാനം/എന്ത് തുക സബ്സിഡിയായി നൽകുന്നുണ്ട്; വ്യക്തമാക്കുമോ ? | (സി) | ചെലവാകുന്ന തുകയുടെ അടിസ്ഥാനത്തിൽ അല്ല സബ്സിഡി നൽകുന്നത്. ചിത്രാഞ്ജലി പാക്കേജ് ഉപയോഗപ്പെടുത്തുന്ന നിർമ്മാണങ്ങൾക്കും അതിനുപരിയായി സംസ്ഥാന ദേശീയ പുരസ്കാരങ്ങളുടെ അടിസ്ഥാനത്തിലുമാണ് സബ്സിഡി നൽകുന്നത്. |

സെക്ഷൻ ഓഫീസർ